**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1319** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വെള്ളറട സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** വെള്ളറട ഗ്രാമ പഞ്ചായത്തിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ;എങ്കിൽ സ്ഥലത്തിന്റെ വിസ്തീർണ്ണം,സർവേ നമ്പർ കൈമാറ്റവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ എന്നിവ ലഭ്യമാക്കാമോ;

**<u>മറുപടി:</u> വെള്ളറട ഗ്രാമ പഞ്ചായത്തിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് നിലവിൽ കൈമാറി നൽകിയിട്ടില്ല.**

**(ബി)** പ്രസ്തുത മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും നിലവിൽ പദ്ധതി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത ഭൂമി വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ലാത്തതിനാൽ അനുബന്ധനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

**(സി)** മന്ദിര നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി,സാങ്കേതികാനുമതി,എസ്റ്റിമേറ്റ് അംഗീകാരം എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ;എങ്കിൽ ബന്ധപ്പെട്ട ഫയൽ നമ്പറുകളും അനുമതി വിവരങ്ങളും നൽകാമോ;

**<u>മറുപടി:</u>** പ്രസ്തുത ഭൂമി വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ലാത്തതിനാൽ അനുബന്ധനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

**(ഡി)** പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സമയക്രമം എന്താണെന്നും ഇതിനായി സംസ്ഥാന ബജറ്റിലോ പ്ലാൻ ഫണ്ടിലോ തുക വകയിരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത ഭൂമി വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി സംസ്ഥാന ബജറ്റിലോ പ്ലാൻ ഫണ്ടിലോ നിലവിൽ തുക വകയിരുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**